"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 21/719 നമ്പർ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1488/2026/LSGD തീയതി, തിരുവനന്തപുരം, 10-08-2026

---

പരാമർശം:- 1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01-06-2026-ലെ LSGD/PD/21201/2025-REV1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 21/719 നമ്പർ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ഉടമസ്ഥാവകാശ സാക്ഷ്യപത്രം, കാലപ്പഴക്ക സാക്ഷ്യപത്രം, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട്, ടി റിപ്പോർട്ട് അംഗീകരിച്ച ഭരണസമിതി തീരുമാനം, കാലപ്പഴക്കം ചെന്ന പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നതാണ് അഭികാമ്യം എന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നിവ സഹിതം കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിയ്ക്കായി പരാമർശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ടി കെട്ടിടം ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെങ്കിലും കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾക്ക് ആവർത്തനച്ചെലവ് വരുന്ന രീതിയിലാണ് കെട്ടിടത്തിന്റെ അവസ്ഥയെന്നും ഭാവിവികസനവും കാര്യക്ഷമവും പുരോഗമനോന്മുഖവുമായ സേവനസാധ്യതകളും പരിഗണിക്കുമ്പോൾ കാലപ്പഴക്കം ചെന്ന ഈ കെട്ടിടം പൊളിച്ചു മാറ്റുന്നതാണ് അഭികാമ്യമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ആകെ അസസ്മെന്റ് മൂല്യം 8,40,758/-രൂപയും ഡിസ്മാന്റ്ലിംഗ് ചാർജ്ജ് 4,11,106/- രൂപയുമാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 21/719 നമ്പർ പഴയ കെട്ടിടം കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾക്ക് ആവർത്തനച്ചെലവ് വരുന്ന അവസ്ഥയിലാണെന്നും ഭാവിവികസനവും

കാര്യക്ഷമവും പുരോഗമനോന്മുഖവുമായ സേവനസാധ്യതകളും പരിഗണിക്കുമ്പോൾ കാലപ്പഴക്കം ചെന്ന ഈ കെട്ടിടം പൊളിച്ചു മാറ്റുന്നതാണ് അഭികാമ്യമെന്നുമുള്ള റിപ്പോർട്ട് പരിഗണിച്ച്, മത്സരസ്വഭാവമുള്ള ടെണ്ടറുകൾ/ലേലം ക്ഷണിച്ചു കൊണ്ട് ടി കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**R K SHIBI**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രസിഡന്റ്, മേലടി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് ജില്ല
സെക്രട്ടറി, മേലടി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് ജില്ല
തദ്ദേശസ്വയംഭരണ (ഡി ബി)വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(RB3/160/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Reese. V. A
Date: 11-08-2026
10:41:04
സെക്ഷൻ ഓഫീസർ